(സി) ഉണ്ട്. പ്രസ്തുത സംരംഭങ്ങൾക്ക് ഒമാൻ സർക്കാരിന്റെ നിക്ഷേപം ലഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു.

(ഡി) നിലവിൽ യു.എസ്.എ., ഫ്രാൻസ്, യു.എ.ഇ. എന്നിവിടങ്ങളിലേക്കാണ് കയറ്റുമതി നടത്തുന്നത്. റഷ്യ, ചൈന, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്കു കൂടി കയറ്റുമതി നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) കുടുംബശ്രീയുടെ സഹകരണത്തോടെയെന്നതിലുപരി മിക്ക ഹോംസ്റ്റഡ് യൂണിറ്റുകളുടെയും ഗുണഭോക്താക്കൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുള്ളവരാണ് എന്നതാണ് വസ്തുത. നിലവിൽ അത്തരം 200-ഓളം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എല്ലാ ഹോസ്റ്റംഡ് യൂണിറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അനുവദനീയമായ സാമ്പത്തിക സഹായവും എല്ലാ തരത്തിലുമുള്ള സാങ്കേതിക സഹായങ്ങളും നൽകുന്നുണ്ട്.

യൂണിറ്റുകൾക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ യഥാസമയം നൽകുകയും വളർന്ന് വിപണനത്തിന് പാകമാകുമ്പോൾ മാന്യമായ വില നൽകി തിരികെയെടുക്കുകയും ചെയ്യുക വഴി വിപണന സൗകര്യവും ന്യായവിലയും ലഭ്യമാക്കുന്നുണ്ട്.

തീരമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

193(401) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് മത്സ്യമേഖലയിൽ എന്തൊക്കെ വികസനങ്ങൾ നടപ്പാക്കാനായി ;

(സി) തീരദേശ മേഖലയിലെ ഓരോ മത്സ്യത്തൊഴിലാളിക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരദേശ ജനങ്ങളുടെ ജീവിത പുരോഗതിക്കും വരുമാന വർദ്ധനവിനുമായി കൂട്ടായ്മയിലൂന്നിയ ഒരു സമഗ്ര പദ്ധതിയാണ് "തീരമൈത്രി" എന്ന പൊതു നാമധേയത്തിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നത്. മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്ന വിധത്തിൽ സമഗ്രവും സുസ്ഥിരവുമായ ജീവനോപാധി സഹായ പദ്ധതികൾ തീരദേശ മേഖലയിൽ നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

വരുമാന വർദ്ധനവിനുതകുന്ന വിവേ സ്രോതസ്സുകൾ കണ്ടെത്തി വികസിപ്പിച്ച് അവയെ പരമാവധി പ്രയോജനപ്പെടുത്താനും ജീവനോപാധി വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മെച്ചപ്പെട്ട സാങ്കേതികവിദ്യകൾ മത്സ്യമേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയുംവിധം വികസിപ്പിക്കുന്നതിനും തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തന മികവിനാവശ്യമായ സാങ്കേതിക/ മാനേജ്മെന്റ് പരിശീലനങ്ങൾ നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഉത്പ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണന സഹായം നൽകുന്നതിനും പദ്ധതി ഉപകരിക്കും. തീരമൈത്രി പദ്ധതി പ്രവർത്തനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടുകൂടി 45.25 കോടി രൂപയുടെ സുനാമി അടിയന്തര സഹായ പദ്ധതിയും 23.29 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടെ 21.2186 കോടി രൂപയുടെ പദ്ധതികളുമാണ് 9 തീരദേശജില്ലകളിലായി നടപ്പാക്കി വരുന്നത്. ആ മൂന്ന് പദ്ധതികളിലുമായി 60 ഓളം ചെറുപദ്ധതികളാണ് വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കി വരുന്നത്. ജീവനോപാധി പുനഃസ്ഥാപനം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പൊതു സഹായപദ്ധതികൾ (പരിശീലന, പ്രചാരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷ്വറൻസ്) എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ. മേൽപ്പറഞ്ഞ ചെറുപദ്ധതികളിലൂടെ ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറുന്നു. ഭൂരിപക്ഷം പദ്ധതികളിലും വനിതകളാണ് ഗുണഭോക്താക്കൾ. സുനാമി അടിയന്തരസഹായ പദ്ധതിയിലും, സുനാമി പുനരധിവാസ പദ്ധതിയിലും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ പദ്ധതിയിലും കൂടി 2500-ലധികം ചെറുസംരംഭങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ടിപ്പിലും ടിആർപി-യിലും വിഭാവനം ചെയ്തിരുന്ന 1300 ചെറുതൊഴിൽ സംരംഭങ്ങളും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിനുപുറമെ മത്സ്യവിപണനത്തിനുള്ള വാഹനങ്ങൾ, ഫിഷ് കിയോസ്കുകൾ, സീഫുഡ് റെസ്റ്റോറന്റുകൾ, ഐ.റ്റി. കിയോസ്കുകൾ സൂപ്പർ മാർക്കറ്റുകൾ, സോപ്പുൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, അച്ചാർ യൂണിറ്റുകൾ, ഡ്രൈഫിഷ് കോപ്ലെക്സ്, സിപിസി/ സി.ആർ.സി-കൾ, മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കുമുള്ള പ്രവർത്തന മൂലധനം, മത്സ്യവിത്തുല്പാദന യൂണിറ്റ്, കൂടുകളിലെ മത്സ്യകൃഷി എന്നീ സംരംഭങ്ങളും വിവിധ ജില്ലകളിലായി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് മേൽപ്പറഞ്ഞ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly